DESPATCHED
Dt. 10/06/2020

28/02/2020.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic. ker@nic.in

ഹർജി നമ്പർ **AP. 2429*(2)/2019*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. 17287/*എസ്.ഐ.സി-ജി 6/2019*)

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ.ആർ.രങ്കരാജ അയ്യങ്കാർ,
ടി.സി.40/1565, ഈസ്റ്റ് പുത്തൻസ്ട്രീറ്റ്,
മണക്കാട്, തിരുവനന്തപുരം – 695 009.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
എഞ്ചിനീയറിംഗ് സെക്ഷൻ, ഫോർട്ട് സോണൽ ഓഫീസ്,
തിരുവനന്തപുരം നഗരസഭ,
തിരുവനന്തപുരം.**

2. **അപ്പീൽ അധികാരി,
ഫോർട്ട് സോണൽ ഓഫീസ്, തിരുവനന്തപുരം നഗരസഭ,
തിരുവനന്തപുരം.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 24.05.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 22.06.2019 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 14.07.2019 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 24.10.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 28.10.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 04.02.2020 – കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ.ആർ.രങ്കരാജ അയ്യങ്കാർ, 24.10.2019 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീലിന്മേൽ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭ്യമായ മറുപടി തൃപ്തികരമല്ലാത്തതിനാൽ അപ്പീൽ നൽകിയെങ്കിലും അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലായെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 24.05.2019 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, 01.01.2009 മുതൽ 31.05.2019 വരെയുള്ള കാലയളവിൽ തിരുവനന്തപുരം നഗരസഭയുടെ ഫോർട്ട് സോണൽ ഓഫീസിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന് വിവരാവകാശ നിയമപ്രകാരം ശ്രീ.ആർ.രങ്കരാജ അയ്യങ്കാർ, ശ്രീ.രാഘവ അയ്യങ്കാർ എന്നിവർ സമർപ്പിച്ച അപേക്ഷകളും അപ്പീലുകളുമായി ബന്ധപ്പെട്ട വിവരങ്ങളായിരുന്നു.

3. രണ്ടാം എതിർകക്ഷി 17.01.2020 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന ശ്രീ.ആർ.രങ്കരാജ അയ്യങ്കാർ, ശ്രീ.രാഘവ അയ്യങ്കാർ എന്നിവർ സമർപ്പിച്ച അപേക്ഷകളുടെയും അപ്പീലുകളുടെയും വിവരം തരംതിരിച്ച് സൂക്ഷിച്ചിട്ടില്ലെന്നും രണ്ടാം അപ്പീൽ ലഭ്യമല്ലാത്തതിനാൽ ഫയൽ ക്ലോസ്സ് ചെയ്തിട്ടുള്ളതുമാണ്. ശ്രീ.ആർ.രങ്കരാജ അയ്യങ്കാരുടെയും ശ്രീ.രാഘവ അയ്യങ്കാരുടെയും കെട്ടിടനിർമ്മാണം സംബന്ധിച്ചും പരാതി സംബന്ധിച്ചുമുള്ള ഫയലുകളുടെ പകർപ്പുകൾ സി.റ്റി.പി വിജിലൻസ് നൽകിയിട്ടുള്ളതാണെന്നും ഓഫീസിൽ ലഭ്യമായ രേഖകളുടെ പകർപ്പ് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുള്ളതും ആയത് അപ്പീൽ ഹർജിക്കാരന് സൗജന്യമായി നൽകുന്നതാണെന്നും മറ്റുമാണ്.

4. ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 06.02.2020 തീയതി കമ്മീഷൻ ഹിയറിംഗ് പോസ്റ്റു ചെയ്തതനുസരിച്ച് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും അപ്പീൽ ഹർജിക്കാരനും ഹാജരായിരുന്നു.

5. അപ്പീൽ ഹർജിയും എതിർകക്ഷി സമർപ്പിച്ച 04.01.2020 ലെ റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ട

വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലെന്നും ആയതിനാൽ ഓഫീസിൽ നേരിട്ട് ഹാജരായി രേഖകൾ പരിശോധിക്കാവുന്നതാണെന്നും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ക്രോഡീകരിച്ച് ടി ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം ടിയാന് ലഭ്യമാക്കേണ്ടതും ആയതിന്റെ പകർപ്പ് റിപ്പോർട്ട് സഹിതം കമ്മീഷനിൽ ലഭ്യമാക്കേണ്ടതുമാണന്ന് കമ്മീഷൻ ഉത്തരവാകുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ഫെബ്രുവരി 28–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**

JN